പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 442

27/02/2018 ൽ മറുപടിക്ക്

# പൊതുമേഖലാസ്ഥാപനങ്ങളുടെ ലാഭം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകിവരികയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടിരൂപയും ഇതിനോടകം അനുവദിച്ചിട്ടുണ്ട്.<br>പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സ്ഥാപനങ്ങളിൽ നവീന സാങ്കേതിക വിദ്യകൾ നടപ്പിൽ വരുത്തുന്നതിനും ആധുനികവത്ക്കരണ |

വിപുലീകരണ പദ്ധതികൾക്കുമാണ് മുൻ തൂക്കം നൽകിയിരിക്കുന്നത്. 2018-19 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കുള്ള ധനസഹായമായി ബഡ്ജറ്റിൽ 297.35 കോടിരൂപ വകയിരുത്തിയിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെ മാനേജ്മെൻറിനെ ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് പ്രവർത്തന പുരോഗതി കൈവരിച്ചുവരുന്നു. സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ പ്രാഗത്ഭ്യമുള്ള വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ടെക്സ്റ്റയിൽ രംഗത്ത് പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾക്ക് 15 കോടി രൂപയുടെ അധിക ധനസഹായം 2016-17ൽ നൽകുകവഴി അവ തുറന്നു പ്രവർത്തിച്ചു.

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള താഴെപ്പറയുന്ന പതിമൂന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ 2016-17 ൽ ലാഭത്തിൽ പ്രവർത്തിച്ചു. 2017-18 സാമ്പത്തിക വർഷത്തെ കണക്കുകൾ സാമ്പത്തിക വർഷം പൂർത്തിയായതിനു ശേഷം ലഭ്യമാകുകയുള്ളൂ.

| Sl. No | Company |
|---|---|
| 1 | The Kerala Minerals and Metals Ltd |
| 2 | Kerala State Industrial Development Corporation Ltd |
| 3 | Travancore Titanium Products Ltd |
| 4 | Travancore-Cochin Chemicals Ltd |
| 5 | Malabar Cements Ltd |
| 6 | Kerala State Electronics Development Corporation Ltd |
| 7 | Steel and Industrial Forgings Ltd. |
| 8 | Traco Cable Company Ltd |
| 9 | Transformers and Electricals Kerala Ltd |
| 10 | Kerala Artisan's Development Corporation Ltd |
| 11 | Forest Industries (Travancore) Ltd |
| 12 | Keltron Electro Ceramics Ltd |
| 13 | Steel Industrials Kerala Ltd |

(സി) മുൻ സർക്കാരിന്റെ കാലത്ത് എത്ര പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലായിരുന്നുവെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് 2015-16 ലെ കണക്ക് പ്രകാരം താഴെപ്പറയുന്ന എട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു.

| Sl. No | Company |
|---|---|
| 1 | Kerala State Industrial Development Corporation Ltd |
| 2 | Malabar Cements Ltd |
| 3 | The Kerala Minerals and Metals Ltd |
| 4 | Kerala State Electronics Development Corporation Ltd |
| 5 | Forest Industries (Travancore) Ltd |
| 6 | Kerala Artisan's Development Corporation Ltd |
| 7 | Steel Industrials Kerala Ltd |
| 8 | Keltron Electro Ceramics Ltd |

(ഡി) വ്യവസായ വകുപ്പിന് കീഴിൽ കൂടുതൽ പൊതുമേഖലാസ്ഥാപനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(ഡി) സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിൽ പുതിയ പൊതുമേഖലാസ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ